**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 110** **16-09-2025 - ൽ മറുപടിയ്ക്ക്**

**ചെറുപുഴ പോലീസ് സ്റ്റേഷന് പുതിയ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2024-25 വർഷത്തെ സ്റ്റേറ്റ് പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി അംഗീകാരം നൽകിയ പയ്യന്നൂർ മണ്ഡലത്തിലെ ചെറുപുഴ പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ? | (എ) | ചെറുപുഴ പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടിയുള്ള അനുയോജ്യമായ ഭൂമി നിലവിൽ കണ്ടെത്തിയിട്ടില്ല. പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ ഭൂമി കണ്ടെത്തുന്നതിന്റെ ആവശ്യത്തിലേക്കായി പയ്യന്നൂർ DySPയുടെ സാന്നിധ്യത്തിൽ ചെറുപുഴ പഞ്ചായത്ത് പ്രസിഡന്റ്, ചെറുപുഴ പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ, സന്നദ്ധ സംഘടനാ ഭാരവാഹികൾ, പൗരപ്രമുഖർ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള യോഗം 14.08.2025 ന് ചെറുപുഴ പോലീസ് സ്റ്റേഷനിൽ വെച്ച് നടത്തിയിട്ടുള്ളതും പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും, ചെറുപുഴ പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ കൺവീനറായുമുള്ള കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതുമാണ്. പ്രസ്തുത കമ്മിറ്റിയുടെ നേതൃത്വത്തിൽ പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള കൂടിയാലോചനകൾ പുരോഗമിക്കുകയാണ്. ഭൂമി കണ്ടെത്തുന്ന മുറയ്ക്ക് ഭരണാനുമതിയ്ക്കായുള്ള നടപടി സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ